"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികവർഗ്ഗ വികസന വകുപ്പ് -ആറളം പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട പാർട്ട് ബിൽ തുക നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടിക ജാതി പട്ടിക വർഗ്ഗ വികസന(പി.എം) വകുപ്പ്**

സ.ഉ.(സാധാ) നം.437/2026/SCSTD തീയതി,തിരുവനന്തപുരം, 07-07-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം.89/2015/SCSTDDതീയതി 17.11.2015.
2. പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 03/06/2022,09/06/2023,23/09/2023 തീയതികളിലെ F1-13083/20 നമ്പർ കത്തുകളും അനുബന്ധരേഖകളും.
3. പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 05.05.2023 ലെ D1-10532/14(6) നമ്പർ കത്ത് .
4. പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 20.11.2025,29.04.2026 തീയതികളിലെ STDD/2148/2024-D1 നമ്പർ കത്തുകൾ .
5. പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 9.03.2026-ലെ D1-14881/13 നമ്പർ കത്ത് .

**ഉത്തരവ്**

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ, കണ്ണൂർ ജില്ലയിൽ, ആറളംപ്രീ-മെട്രിക് ഹോസ്റ്റൽ 8,50,00,000/- രൂപ ചെലവഴിച്ച് നിർമ്മിക്കുന്നതിനായി പരാമർശം (1)പ്രകാരം ഭരണാനുമതി നല്കി ഉത്തരവായിരുന്നു.

മുള്ളൻകൊല്ലി പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട **2,3** പാർട്ട് ബിൽ നൽകുന്നതിനായി **1,23,90,417/-** രൂപയും, ആറളം പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പാർട്ട് ബിൽ ഇനത്തിൽ **6,48,602 /-**രൂപയും, കൺസൾട്ടൻസി ചാർജിനത്തിൽ **9,04,030/-** രൂപയും ചേർത്ത് ആകെ **1,39,43,049 /-** രൂപ ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പ് ഫണ്ടിൽ നിന്ന് അനുവദിക്കപ്പെട്ട് വകുപ്പിന്റെ **Special TSB account** ൽ **(Account No. 799012700000415)** നിക്ഷേപിച്ചിരുന്ന **1,40,53,455/-**രൂപ **31-03-2020** ൽ സർക്കാർ റെസ്യൂം ചെയ്തിരുന്നുവെന്നും ടി തുക തിരികെ ലഭ്യമാക്കണമെന്നും പരാമർശത്തിലെ കത്തുകൾ പ്രകാരം പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു . ആറളം പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിന് പാർട്ട് ബിൽ ഇനത്തിൽ **6,48,602 /-**രൂപയും, കൺസൾട്ടൻസി ചാർജിനത്തിൽ **9,04,030/-** രൂപയും ചേർത്ത് ആകെ **15,52,632/-** രൂപ

(പതിനഞ്ച് ലക്ഷത്തി അൻപത്തിരണ്ടായിരത്തി അറുന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) **4225-02-277-42-PV** ശീർഷകത്തിലെ നിലവിലെ ബജറ്റ് വിഹിതത്തിൽ നിന്നും വഹിക്കുന്നതിന് പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐ എ എസ്
സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (S & G), കേരളം, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E& R), കേരളം, തിരുവനന്തപുരം
4. ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
5. ധനകാര്യ (WW) വകുപ്പ്.(WW-WW3/146/2022-FIN dt 29.05.2026).
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I&PRD, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. പട്ടികജാതി പട്ടികവർഗ വികസന (ഡി & ഇ) വകുപ്പ് ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Chithralekha V V
സെക്ഷൻ ഓഫീസർ
Date: 08-07-2026 12:16:58